# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-**673121**

ഇ-മെയിൽ: **dowyd.ksad@kerala.gov.in**
ഫോൺ : **0493-6203672**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി2-1300/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 19/12/2025
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി2-1300/2025 തീയ്യതി: 19/12/2025

## വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോ ഡേവിസ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-11-2025 | 02-12-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2025 | 02-12-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ഡേവിഡ് കെ.വി, ഓഡിറ്റ് ഓഫീസർ

ശ്രീ ഷാജി പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അപർണ ശശിധരൻ, ഓഡിറ്റർ
ശ്രീ അർജുൻ കെ മാത്യു, ഓഡിറ്റർ (25.11.2025 മുതൽ 02.12.2025 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അംബിക ഷാജി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അബ്ദുൾ ലത്തീഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 07-04-2024 |
| ശ്രീ ഉദയകുമാർ ജി.പി | സെക്രട്ടറി | 08-04-2024 | 23-07-2024 |
| ശ്രീ അബ്ദുൾ ലത്തീഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2024 | 17-09-2024 |
| ശ്രീമതി ബീന വർഗ്ഗീസ് | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾ ലത്തീഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 07-04-2024 |
| ശ്രീ ഉദയകുമാർ ജി.പി | സെക്രട്ടറി | 08-04-2024 | 23-07-2024 |
| ശ്രീ അബ്ദുൾ ലത്തീഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2024 | 17-09-2024 |
| ശ്രീമതി ബീന വർഗ്ഗീസ് | സെക്രട്ടറി | 18-09-2024 | 31-03-2025 |
| ശ്രീ അബ്ദുൾ ലത്തീഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-09-2024 |
| ശ്രീ അലി വള്ളി | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 18-01-2025 |
| ശ്രീമതി ഷീന എൻ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-01-2025 | 10-02-2025 |
| ശ്രീ ബിജു ടി | അസിസ്റ്റന്റ് സെക്രട്ടറി | 11-02-2025 | 31-03-2025 |
| ശ്രീ ഹരീഷ് എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 18-01-2025 |
| ശ്രീ സായന്ത് ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-01-2025 | 31-03-2025 |
| ശ്രീ ശ്രീജിത്ത്കുമാർ എം.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ. ശാന്തിനി | മെഡിക്കൽ ഓഫീസർ(ആയൂർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. ദീപ കെ.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2024 | 17-09-2024 |
| ഡോ. നസീഫ് എം.കെ | ജില്ലാ മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 18-09-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ കരീം പി.കെ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ ജിതിൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ മുഹമ്മദ് ഷഫീഖ് | കൃഷി ഓഫീസർ | 01-04-2024 | 15-04-2024 |
| ശ്രീ മുഹമ്മദ് അബ്ദുൾ ജാമിയ എം | കൃഷി ഓഫീസർ | 16-04-2024 | 31-03-2025 |
| ശ്രീമതി സുജാത പി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 29-06-2024 |
| ശ്രീമതി പ്രീത വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-06-2024 | 31-03-2025 |
| ഡോ. അരുൺ പി.എം | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി സുനിത ഇ.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൂർണ്ണമല്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | കിട്ടാനുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലോൺ ഇനത്തിൽ ബാലൻസായി കാണിച്ചിട്ടുള്ള തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിലുള്ള രേഖകൾ ഗ്രാമപഞ്ചായത്തിൽ  സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല- | 1-1-10 |
| 12 | തനത് ഫണ്ട് അക്കൗണ്ടിലേക്ക് റസിപ്റ്റ് ചെയ്യേണ്ടതായ കോവിഡ് ഫണ്ട് ബാധ്യതയായി അക്കൗണ്ട് ചെയ്യുന്നു. | 1-1-11 |
| 13 | പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല. | 1-1-12 |
| 14 | റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിബാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | Execss Of Income Over Expenditure ബാലൻസ് തുകയും ട്രയൽ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് , ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | 1-1-15 |
| 17 | പ്രത്യേക ആവശ്യ ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 27 | കൃഷി ഓഫീസർക്ക് അനുവദിച്ച മാനുവൽ രസീത് ബുക്ക്- എല്ലാ രസീതുകളും ലഭ്യമല്ല | 1-10 |
| 28 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യതിലെ അപാകങ്ങൾ | 1-11 |
| 29 | ലൈസൻസ് ഫീസ് ഡിമാന്റ്- അപാകങ്ങൾ | 1-12 |
| 30 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു | 1-13 |
| 31 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14 |
| 32 | എ.ബി.സി പദ്ധതി വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 33 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചില്ല. | 1-16 |
| 34 | അങ്കണവാടി പോഷകാഹാരം- സപ്ലൈകോ പ്രൈസ് ലിസ്റ്റും കംപാരറ്റീവ് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല. | 1-17 |
| 35 | എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല. | 1-18 |
| 36 | കരാറുകാരന് അധികം തുക നൽകി | 1-19 |
| 37 | വിവര ശേഖരണം - ജി ഐ എസ് മാപ്പിംഗ് -രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 38 | കോക്ലിയർ ഇംപ്ലാന്റേഷൻ ഹെൽത്ത് ഏജൻസിക്ക് തുക നൽകൽ. | 1-21-1 |
| 39 | സ്മാർട്ട് അങ്കണവാടി - പാലേരി അങ്കണവാടിക്ക് കെട്ടിടത്തിന് വിഹിതം നൽകൽ | 1-21-2 |
| 40 | തെരുവുനായ നിയന്ത്രണം പരിപാലനം എ ബി സി പ്രോഗ്രാം - തുക നൽകൽ | 1-21-3 |
| 41 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല | 1-21 |
| 42 | എം സി എഫ് - ലേക്ക് മാലിന്യം കൊണ്ടുപോകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-22 |
| 43 | ലാപ്പ് ടോപ്പ് വിതരണം ചെയ്യൽ - ന്യൂനതകൾ. | 1-23 |
| 44 | ജലസേചന പമ്പുസെറ്റ് – അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി. | 1-24 |
| 45 | ട്രെയിനിംഗ് ഹാളിലേക്ക് കസേര വാങ്ങൽ – വാങ്ങൽ നടപടിക്രമം പാലിച്ചില്ല. | 1-25 |
| 46 | രോഗ കീട നിയന്ത്രണം– നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-26 |
| 47 | എസ്.എസ്.കെ -വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 48 | എഫ് .എച്ച്.സി യിലേക്ക് മരുന്ന വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 49 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാറുകാരന് അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് | 4-1 |

| | | |
|---|---|---|
| 2 | വാർഷിക കണക്ക് പരിശോധിച്ച വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (നം.1 തീ. 24-06-2025) 27-06-2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

സ്ഥലം: കൽപ്പറ്റ

തീയതി: **19/12/2025**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒഎം.എസ്.നം.83/11/ എൽ.എസ്.ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2011- ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൂർണ്ണമല്ല

ക്യാഷ് ഫ്ലോ പത്രികയിൽ പൂർണ്ണമായും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ , ചട്ടം 62-2(സി) അനുസരിച്ച് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രവർത്തന, നിക്ഷേപ ,സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നുള്ള ക്യാഷ് ഫ്ലോ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ Net Cash Generated By Operating , Investing , Financing Activity എന്നിവയിൽ തുകകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ സ.ഉ(കൈ) നം.152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം തിട്ടപ്പെടുത്തി അക്കൗണ്ടിങ്ങ് 31.03.2025 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 1-17(a) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യൂമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-4 കിട്ടാനുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 3 ചട്ടം 17 പ്രകാരം കിട്ടാനുള്ള എല്ലാ വരുമാനത്തിന്റെ വിവരങ്ങളും അക്കൗണ്ട്സിൽ ചേർക്കേണ്ടതാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നടത്തുന്ന ഇ-ടെൻഡറിന്റെ ഫീസ് തുകകൾ കിട്ടാനുള്ള തുകയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും നാളിതുവരെ ഇ ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക സംബന്ധിച്ച് കൃത്യമായ കണക്ക് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-5 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തേണ്ടതാണ്. ലെഡ്ജർ പ്രകാരം വസ്തുനികുതി, തൊഴിൽനികുതി, ഐ.എഫ്.റ്റി.ഇ& ഒ.എസ് ( IFTE&OS ) ലൈസൻസ് തുടങ്ങിയവയുടെ ഡിമാന്റ് വർഷാവസാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B2, B4 എന്നീ ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും പ്രസ്തുത ഫണ്ടുകൾ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.ഉദാ.

| ഇനം | B2 / B4 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-17 ഷെഡ്യൂൾ | വ്യത്യാസം |
| --- | --- | --- | --- |

| | (₹) | പ്രകാരമുള്ള തുക (₹) | |
|---|---|---|---|
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്(B4) | 18726467/-(ബേസിക് ഗ്രാന്റ്-2,341,041 + ടൈഡ് ഗ്രാന്റ് - 16,385,426) | 18,859,505/- CANARA BANK-( 1042101027108) | 133038 |
| ഡിസ്സസ് റിലീഫ് ഫണ്ട് (B2) | 47872 | District Co-Operative Bank-( 130251201020227) - 48,270 | 398 |
| സർവ ശിക്ഷ അഭിയാൻ (B4) | 0 | 450210101 Canara Bank-( 1042101017400) - 314/- | 314 |
| മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി (B4) | 0 | CANARA BANK MGNREGS-( 1042101016181) - 897 | 897 |
| BMC | B4 ൽ ഏത് ഹെഡിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടി ട്ടുള്ളതെന്ന് വ്യക്തമല്ല | CANARA-( 110031903227)- 200531/- | 200531 |
| ലിറ്ററസി സ്കീം ഗ്രാന്റ് (B4) | 31408 | Canara Bank-(1042101010206) - 25,603 | 5805 |
| സംയുക്ത പ്രോജക്ട് (B4) | ജില്ലാ പഞ്ചായത്ത് വിഹിതം - 302848 | TSB JOINT VENTURE-( 799011400001813) - 0 | 302848 |

## 1-1-7 ലോൺ ഇനത്തിൽ ബാലൻസായി കാണിച്ചിട്ടുള്ള തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ പ്രകാരം ലൈഫ് പദ്ധതിയിൽ ലോൺ ഇനത്തിൽ ബാലൻസായി കാണിച്ചിട്ടുള്ള തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഷിക കണക്ക് | | | ലോൺ രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|---|
| A/C Code | Loan | Amount | | |
| 330500201 | Secured Loans - Loan From KURDFC | 51,102,839.00 | 4,576,000 | 46526839 |
| 330500202 | Secured Loans - Loan From HUDCO | 6,860,000.00 | 17,270,655 | -10410655 |

കാരുണ്യ ഭവന പദ്ധതിയുടെ ലോൺ രജിസ്റ്ററിൽ ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുക തെറ്റാണ്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

## 1-1-8 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിലുള്ള രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-19 പ്രകാരം വസ്തു നികുതി , തൊഴിൽനികുതി , ലൈസൻസ് എന്നിവയുടെ ലെഡ്ജറിൽ ജേണൽ എൻട്രി നടത്തി അഡ്ജസ്റ്റുമെന്റുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-9 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. 26/7/2011 – ലെ സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം58(4)(എച്ച്) എന്നിവ പ്രകാരം നികുതി, നികുതിയേതര കുടിശ്ശിക ലഭ്യത സംശയാസ്പദമായ തുക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല-

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

## 1-1-11 തനത് ഫണ്ട് അക്കൗണ്ടിലേക്ക് റസിപ്റ്റ് ചെയ്യേണ്ടതായ കോവിഡ് ഫണ്ട് ബാധ്യതയായി അക്കൗണ്ട് ചെയ്യുന്നു.

2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ അക്കൗണ്ട് കോഡ് 350200119 -ൽ Recoveries Payable - Covid എന്നയിനത്തിൽ 118400/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്.പഞ്ചായത്ത് ഡയറക്ടറുടെ 18.12.2021 ലെ ജെ3 -7277/2021 നം കത്തിലെ നിർദ്ദേശ പ്രകാരം പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന്റെ വരുമാനമായി തനത് ഫണ്ട് അക്കൗണ്ടിലേക്ക് റസിപ്റ്റ് ചെയ്യേണ്ടതായിരുന്നു. ആയതിന് വിരുദ്ധമായി ബാധ്യതയായി മേൽ തുക നിലനിർത്തിയിരിക്കുന്നു.

## 1-1-12 പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 57 പ്രകാരം ബാങ്ക് ബുക്കിന്റെ നീക്കിയിരിപ്പുകൾ ഓരോ മാസം അവസാനം ലഭിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക് /ട്രഷറി പൊരുത്തപ്പെടൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടൽ പത്രിക തയ്യാറാക്കി പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

## 1-1-13 റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള നീക്കിബാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ബുക്ക് / വാർഷിക കണക്ക് RP -40(b) പ്രകാരം CANARA BANK MGNREGS (1042101016181) അക്കൗണ്ടിൽ നീക്കിബാക്കി 897/- രൂപയാണ്. എന്നാൽ റീ കൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക് ബാലൻസ് 897 രൂപയാണ്. ബാങ്ക് ബുക്ക് ബാലൻസായി 31 മാർച്ച് 2025 ലെ നീക്കിബാക്കി -5,129.00 രൂപയാണ്.

## 1-1-14 Execss Of Income Over Expenditure ബാലൻസ് തുകയും ട്രയൽ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി1 ഷെഡ്യൂൾ പ്രകാരമുള്ള Execss Of Income Over Expenditure ബാലൻസ് തുകയും ട്രയൽ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.(Mismatch With Execss Of Income Over Expenditure And Trial Balance)

| ഇനം | തുക |
|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി1പ്രകാരമുള്ള Execss Of Income Over Expenditure ബാലൻസ് | 6,73,48,535 |
| ട്രയൽ ബാലൻസ് പ്രകാരമുള്ള Execss Of Income Over Expenditure ബാലൻസ് | 6,18,56,391 |
| വ്യത്യാസം | 54,92,144 |

2023-24 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ ബി1പ്രകാരമുള്ള 310900101- Execss Of Income Over Expenditure ബാലൻസ് + തൻവർഷത്തെ Gross Surplus/(Deficit) Of Income Over Expenditure എന്നത് തൻവർഷത്തെ ഷെഡ്യൂൾ ബി1പ്രകാരമുള്ള 310900101- Execss Of Income Over Expenditure ബാലൻസിന് തുല്യമല്ല.വിശദാംശങ്ങൾ താഴെ നൽകുന്നു.

| സി.നം | ഇനം | തുക |
|---|---|---|
| 1 | 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം Execss Of Income Over Expenditure (B1) | 62,117,441.00 |
| 2 | 2024-25 വർഷത്തെ Gross Surplus/(Deficit) Of Income Over Expenditure | -851,907.00 |
| 3 | ആകെ (1+2) | 61,265,534 |
| 4 | 2024-25 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി1പ്രകാരമുള്ള Execss Of Income Over Expenditure ബാലൻസ് | 67,348,535 |
| 5 | വ്യത്യാസം (4-3) | -6,083,001 |

## 1-1-15 റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് , ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല

വാർഷിക കണക്ക് പ്രകാരം Canara Bank (1042101027125) അക്കൗണ്ടിൽ 11,967/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-1-16 പ്രത്യേക ആവശ്യ ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല

ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ പ്രത്യേക ആവശ്യ ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാധ്യതകളുടെ കൃത്യമായ തുക എത്രയെന്ന് ലഭ്യമല്ല. ഉദാ. പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ, ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ , നിർമ്മൽ പുരസ്കാർ , ഐ.സി.ഡി.എസ് സ്കീം, ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ .

## 1-1-17 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ നൽകിയ 4372292.00 രൂപ ക്രമീകരിക്കാനുണ്ട്. തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുക്കുന്ന മുൻകൂറുകൾ നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ഇനം | നൽകിയ തീയതി | നൽകിയ തുക | ക്രമീകരിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | ഫെസ്റ്റിവൽ അഡ്വാൻസ് | 18.09.2024 | 20000 | 4000 | 16000 |
| 2 | ട്രാവലിംഗ് അഡ്വാൻസ് | മുൻബാക്കി - 14.03.2025 | 16500 11130 | Nil | 27630 |

| | | | | | |
|---|---|---|---|---|---|
| 3 | Other Agencies (Sakshsratha Prerak Honorarium ) | 30.06.2016<br>04.08.2021 | 52200<br>34444 | Nil | 87144 |
| 4 | Advance To Other Authorised Agencies | - | 1019372 | 500000 | 519372 |
| | | | | | |

വാർഷിക കണക്കിലെ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം: 20/ 02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 07.02.2024 തീയതിയില 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 15.03.2025 തീയതിയിലെ 11-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 43,39,866 | 1,46,84,932 |
| വരവ് | 52,36,42,960 | 42,61,32,960 |
| ആകെ | 52,79,82,826 | 44,08,17,892 |
| ചെലവ് | 51,97,71,310 | 43,56,84,960 |
| നീക്കിയിരിപ്പ് | 82,11,516 | 51,32,932 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) .

| | |
|---|---|
| മുന്നിരിപ്പ് | 3,21,83,716 |
| വരവ് | 8,25,22,323 |
| ആകെ | 11,47,06,039 |
| ചെലവ് | 6,62,97,930 |
| നീക്കിയിരിപ്പ് | 4,84,08,109 |

## 1-4 ഫണ്ട് വിനിയോഗം ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) .

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | വിനിയോഗിക്കാൻ ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 3,46,08,226 | 3,46,08,226 | 2,93,82,624 | 52,25,602 |
| വികസന ഫണ്ട്-എസ്.സി.പി | | 18,04,540 | 18,04,540 | 9,55,460 | 8,49,080 |
| വികസന ഫണ്ട്-ടി.എസ്.പി | | 97,25,013 | 97,25,013 | 1,36,10,604 | -38,85,591 |
| മെയിന്റനൻസ്, റോഡ് | | 3,,38,05,000 | 3,38,05,000 | 3,23,16,070 | 14,88,930 |
| മെയിന്റനൻസ്, നോൺ-റോഡ് | | 73,19,000 | 73,19,000 | 67,48,851 | 5,70,149 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (വാർഷിക കണക്ക് പ്രകാരം ) | | 1,42,43,011 | 1,42,43,011 | 34,52,276 | 1,07,90,735 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് (വാർഷിക കണക്ക് പ്രകാരം ) | | 61,89,500 | 61,89,500 | 60,74,468 | 1,15,032 |

CFC(Tied), CFC(Untied) എന്നിവയുടെ വിവരങ്ങൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തവ (എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 375 | 314894518 | 274 | 126149401 | 101 | 73.06 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 229 | 165 | 92616049 | 59295296 | 64.02 |
| 2 | സെക്രട്ടറി | 53 | 27 | 22041147 | 14969355 | 67.91 |
| 3 | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 14 | 12 | 6288903 | 5195428 | 82.61 |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 6 | 6 | 1374091 | 1374000 | 99.99 |
| 5 | വെറ്ററിനറി സർജൻ | 10 | 9 | 6748528 | 4025186 | 59.64 |
| 6 | വി ഇ ഒ | 7 | 5 | 160431123 | 22214487 | 13.84 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 4113984 | 2644970 | 64.29 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 13 | 11 | 9124359 | 6545654 | 71.73 |
| 9 | ഹെഡ് മാസ്റ്റർ | 15 | 14 | 2982016 | 2873460 | 96.35 |
| 10 | കൃഷി ഓഫീസർ | 12 | 12 | 4972396 | 3108433 | 62.51 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 3801922 | 3783132 | 99.50 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 3 | 2 | 400000 | 120000 | 30 |
| | ആകെ | 375 | 274 | 314894518 | 126149401 | 40.06 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 15,81,992 | 15,81,992 | 15,75,966 | 6026 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽ പ്രവൃത്തി,സ്കിൽഡ് ലേബർ | 0 | 11,08,27,944 | 11,08,27,944 | 11,08,27,944 | 0 |
| ആകെ | 0 | 11,24,09,936 | 11,24,09,936 | 11,24,03,910 | 6026 |

സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 6026/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്ക് B17 പ്രകാരം 897/-രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ₹ 3721946 MNREGS ൽ നിന്നും ഗ്രാമപഞ്ചായത്തിന് Recop ചെയ്ത് ലഭിക്കാനുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7,780,600 | 478 |
| വിധവാപെൻഷൻ | 15,830,100 | 986 |
| വാർദ്ധക്യകാലപെൻഷൻ | 23,082,800 | 1518 |
| വികലാംഗപെൻഷൻ | 5,036,000 | 316 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 179,200 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2025 ന് ഉച്ചക്ക് 12.20 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിലും ഡേ ബുക്ക് പ്രകാരവും ക്യാഷ് നീക്കിയിരിപ്പില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യുന്ന പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനും ജീവനക്കാരുടെ യോഗം എല്ലാ മാസവും ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഗ്രാമസഭ മൂന്ന മാസത്തിലൊരിക്കൽ ചേരുന്നില്ല.

ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കൃത്യമല്ല. ഓഡിറ്റ് വർഷം 199 പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആയതിൽ 165 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ചെറിയ തുകകൾ അടങ്കലായിട്ടുള്ള ഒട്ടേറെ പദ്ധതികൾ ഭാഗികമായി നടപ്പാക്കുന്നതിന് പകരം കൂടുതൽ തുക വകയിരുത്തി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുതകുന്ന പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്ന MIS സോഫ്റ്റ്‌വെയറിലെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 കൃഷി ഓഫീസർക്ക് അനുവദിച്ച മാനുവൽ രസീത് ബുക്ക്- എല്ലാ രസീതുകളും ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് അനുവദിച്ച 26410 നമ്പർ രസീത് ബുക്കിലെ രസീത് നം:1 -ന്റെ അസ്സലും പകർപ്പും കീറി മാറ്റിയ നിലയിലാണ് പരിശോധനയ്ക്ക് ലഭ്യമായത്. കൂടാതെ, പ്രസ്തുത രസീത് ബുക്കിലെ രസീത് നം: 2 -ന്റെ അസ്സലിൽ തേനീച്ച വളർത്തൽ പദ്ധതിയുടെ (409/2024-25) ഗുണഭോക്തൃ വിഹിതം ഇനത്തിൽ 7000 രൂപ കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പേജ് നം:2 -ന്റെ പകർപ്പിൽ "Cancelled" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരിശോധനയക്ക് ലഭ്യമാക്കിയ രസീതി ബുക്കിൽ ശേഷിക്കുന്ന രസീതുകളുടെ അസ്സലിന് പകരം പകർപ്പാണ് സൂക്ഷിച്ചിട്ടുള്ളത്. രസീതികളിൽ രേഖപ്പെടുത്തലുകൾ വരുത്തിയതിൽ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചതായി കാണുന്നില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും 26410 നമ്പർ രസീത് ബുക്കിലെ രസീത് നം:1 -ന്റെ അസ്സൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം: 2/25-11-2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ജനകീയാസൂത്രണം പദ്ധതി 2024-25 തേനീച്ച വളർത്തൽ പ്രോജക്ട് നം.409/2024-25 പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ശേഖരിക്കാൻ വേണ്ടിയാണ് രസീത് ബുക്ക് നം.26410 അനുവദിച്ചത് എന്നും, ഇരുട്ട് നിറഞ്ഞ അന്തരീക്ഷത്തിൽ തേനീച്ചയെ വിതരണം ചെയ്ത സമയത്ത് ആദ്യത്തെ ഒരു രസീത് മുറിച്ച് നൽകുന്നതിന് പകരം ഇരുണ്ട വെളിച്ചത്തിൽ രണ്ട് പേജുകൾ അബദ്ധവശാൽ കീറിയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ, രസീതുകൾ എല്ലാം ഒരേ നിറത്തിലായതിനാൽ കാർബൺ കോപ്പി തിരിച്ചറിയാൻ സാധിക്കാതെ മൂന്നാമത്തെ പേജിൽ കാർബൺ വെച്ചു പോയതാണെന്നും, രസീത് മുറിച്ച സ്റ്റാഫിന്റെ അറിവില്ലായ്മ മൂലമാണ് ഇരു വശങ്ങളിലും കാർബൺ ഉപയോഗിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

പണമിടപാടുകൾ നടത്തുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതും, മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുതിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതും, പിരിക്കുന്നതും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 പ്രകാരം അകെക്കൂടി ആറുപത് ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്നതോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ ആകെ ആറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും വരുമാനം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ, കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുകയോ, തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ബി) ഹരിത മിത്രം ആപ്പ് അനുസരിച്ച ഗ്രാമ പഞ്ചായത്ത് പരിധിയൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓഫീസ് ആവശ്യത്തിനായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനം | സ്ഥാപനത്തിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 6/6 | Knanaya Multi State Cooperative Society |
| 2 | 11/282 | India Post Payment Bank Makkiyad |
| 3 | 1/125 | Avss Kunhome |
| 4 | 1/305 | WMO Quran College Kunhom |
| 5 | 6/104 | Society Puthussery |
| 6 | 12/12 | Cooperative Society Korome |
| 7 | 10/176B | SKS Office Kanjirangad |
| 8 | 15/355 | Priyadarsini Kunhome |

സി) ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജി.ഒ(പി)143/2008 നമ്പർ സർക്കാർ ഉത്തരവ്, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സിഎസ്)എ 9-764/2019 സർക്കുലർ എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയതായി കാണുന്നില്ല.

ഡി) മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം, ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ, ഇവർ മറ്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| 1. മഹേഷ്.കെ.ആർ | 9. അബ്ദുള്ള.കെ |
| 2. സ്റ്റീഫൻ.പി.എം | 10. അഷ്റഫ് |
| 3. ജിജു മാത്യു | 11. സജി.പി.എ |
| 4. അയൂബ്.കെ.എ | 12. റ്റി.ജെ.ജോസഫ് |
| 5. റാഷിദ്.എ | 13. നജീബ്.വി |
| 6. ഗഫൂർ.പി | 14. മുഹമ്മദ് ജിൻഷാദ്.എ.സി |
| 7. നൗഫൽ.ടി.കെ | 15. കുര്യൻ.എ.കെ |
| 8. ജിയോ ജോസഫ് | 16. മുരളീകൃഷ്ണൻ എം.ടി |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻക്വയറി നം: 9/29-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് ഡിമാന്റ്- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എ) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയുംലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 465

സ്ഥാപനങ്ങളാണ് ലൈസൻസ് ഫീസ് ഒടുക്കേണ്ട ഉപയോഗക്രമത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ ട്രേഡ്സ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 483 പേർ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ട്. ആയതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു.

ബി) <u>ലൈസൻസ് എടുക്കേണ്ട ഉപയോഗ ക്രമങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്ത് 100 ശതമാനം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം 483 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കേണ്ട ഉപയോഗ ക്രമങ്ങളിൽ പ്രവർത്തിത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ എണ്ണം, ഓഡിറ്റ് വർഷം പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളുടെ എണ്ണം, എത്ര സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നമായ സ്ഥാപനങ്ങളുടെ എണ്ണം, ഓഡിറ്റ് വർഷം പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളുടെ എണ്ണം എന്നിങ്ങനെയുള്ള ആധികാരിക വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിൽ നിന്നും, കൃത്യമായ ഡാറ്റാബേസ് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് ബോധ്യമാവുന്നു. ലൈസൻസ് ഫീസിന്റെ ഡിമാന്റ് തയ്യാറാക്കിയതിന് ആധാരമാക്കിയ രേഖകൾ എന്തെല്ലാമാണെന്ന് അറിയിക്കേണ്ടതാണ്. ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

സി) <u>ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിലെ അപാകങ്ങൾ</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ചുവടെ ചേർക്കുന്ന നിരക്കുകളിൽ (GO(P) No.80/2017/LSGD നമ്പർ ഗസറ്റ് വിജ്ഞാപനം മുഖേന പരിഷ്കരിച്ച നിരക്ക്) അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ് ആയി ചുമത്താവുന്നതാണ്.

| ക്രമ നമ്പർ | മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള ഗണം | വാർഷിക അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ലൈസൻസ് ഫീ |
|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | 500/- |
| 2 | മിനി എന്റർപ്രൈസസ് | 1,000/- |
| 3 | സ്മാൾ എന്റർപ്രൈസസ് | 5,000/- |
| 4 | മീഡിയം എന്റർപ്രൈസസ് | 10,000/- |
| 5 | ലാർജ്ജ് എന്റർപ്രൈസസ് | 15,000/- |

മേൽ നിരക്കുകളിൽ കവിയാത്ത വിധത്തിലാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതെങ്കിലും, ചില ലൈസൻസികളിൽ നിന്നും പ്രത്യേക മാനദണ്ഡം കൂടാതെ, വ്യത്യസ്തങ്ങളായ തുകകൾ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കി വരുന്ന സാഹചര്യമുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് | ലൈസൻസിയുടെ | ലൈസൻസ് അനുവദിച്ച | ലൈസൻസ് |
|---|---|---|---|

| നം | പേര് | ആവശ്യം | ഫീ |
|---|---|---|---|
| 724/24 | രാമൻ നായടിത്തുന്നത്ത് | ഫർണ്ണിച്ചർ ഷോപ്പ് | 780 |
| 773/24 | നൗഷാദ് കാട്ടിൽ | ടൂറിസ്റ്റ് ഹോം | 4500 |
| 702/24 | വർഷ കിഴങ്ങാട്ട് | കന്നുകാലി ഫാം | 2500 |
| 804/24 | ജോസ് കെ.ജെ | പൗൾട്രി ഫാം | 1500 |
| 875/24 | ഫൈസൽ | ഹാർഡ്‌വെയർ ഷോപ്പ് | 2000 |
| 837/24 | പി.പത്മനാഭൻ | സ്റ്റേഷനറി | 300 |
| 689/24 | അബ്ദുൾ റസാഖ്.എം | സർവ്വീസ് വില്ല | 2250 |
| 982/24 | സുലൈമാൻ | ബേക്കറി | 540 |
| 743/24 | ഉമ്മർ ചെറിയാണി | ഹോംസ്റ്റേ | 900 |

ട്രേഡ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരം ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കിയതിന് കൃത്യമായ ഒരു മാനദണ്ഡം ഉള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഇതുമൂലം സമാനമായ സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികൾ വ്യത്യസ്തങ്ങളായ ലൈസൻസ് ഫീസ് ഒടുക്കുന്ന സാഹചര്യം ഉടലെടുക്കുന്നതിനും, തന്മൂലം തുല്യനീതി നിഷേധിക്കപ്പെടുന്നതിനും, ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുന്നതിനും ഇടയാക്കിയേക്കാം. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി, ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിന് ഒരു ഏകീകൃത സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(എൻക്വയറി നം.11/29.11.2025) മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിരവിൽപുഴ(15) വാർഡിലുള്ള, ചുവടെ ചേർക്കുന്ന കടമുറികൾ ഓഡിറ്റ് വർഷം മുഴുവൻ ഒഴിഞ്ഞു കിടന്നിട്ടുള്ളതാണ്.

| | |
|---|---|
| 1. XV-107/B | XV-107/F |
| 2. XV-107/D | XV-107/H |
| 3. XV-107/E | XV-107/I |

അധിക വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (എൻക്വയറി നം:12/29.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(I) മേൽ കടമുറികൾ ലേലം ചെയ്ത് നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(Ii) വാടക ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

## 1-14 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് തലത്തിലും മറ്റ് ഏജൻസികൾ മുഖാന്തിരവും അന്വേഷണങ്ങൾ നടത്തുകയും ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയ മെറ്റീരിയൽ ഘടകം ഉൾപ്പെടുന്ന പ്രവൃത്തികളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. വകുപ്പ് തല പരിശോധന നടത്തി റിപ്പോർട്ട്

പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ വിഷയത്തിൽ തൊണ്ടർനാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 476/25 U/S 316(4), 316(5), 318(2), 318(3),318(4),3(5)BNS കേസിന്റെ അന്വേഷണ വിധേയമായി വിവിധ പ്രവൃത്തിഫയലുകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുള്ളതിനാൽ വിശദമായ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ ഫയലുകളും എം.ഐ.എസ് ഡാറ്റാബേസിലുള്ള വിവരങ്ങളുമാണ് പരിശോധിച്ചിട്ടുള്ളത്.

2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച ആകെ തുകയുടെ വിവരം എം.ഐ.എസ് പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

Govt. of India
Ministry of Rural Development
Department of Rural Development

The Mahatma Gandhi National Rural Employment Guarantee Act

Saturday, December 6, 2025

Back

**Financial Performance Under MGNREGA during the Financial Year 2024-2025**

**State:KERALA District:WAYANAD Block:MANANTHAVADY (Rs. in Lakhs)**

| S.No | Panchayat | Opening Balance(OB) Entered OB | Release of current year | Authorisation of EFMS | Misc Reciept | Money Refunded by GP to DPC/PO | Total Availabilty | Cumulative Expenditure: Actual Expenditure: On Unskilled Wage | On Semi-skilled and Skilled Wage | On Material | Tax | Adm.Exp: Rec Exp | Non-Rec Exp | Total Adm. Exp | Total | Balance | Payment due*: On Unskilled Wage | On Semi-skilled and Skilled Wage | On Material | Tax | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 4 | 5 | 6 | 7 | 8 | 9=4+5+6+7-8 | 10 | 11 | 12 | 13 | 14 | 15 | 16=14+15 | 17=10+11+12+13+16 | 18=9-17 | 19 | 20 | 21 | 22 | 23=19+20+21+22 |
| 1 | Edavaka | -21.93 | 0 | 1112.8 | 0.05 | 0 | 1090.92 | 792.5 | 62.7 | 212.29 | 22.64 | 21.71 | 0.61 | 22.32 | 1112.45 | -21.52 | 0 | 0 | 9.55 | 1.45 | 11 |
| 2 | Thavinhal | -12.45 | 0 | 1365.89 | 0.35 | 0 | 1353.78 | 1018.95 | 67.59 | 234.26 | 21.31 | 25.18 | 0 | 25.18 | 1367.28 | -13.5 | 0 | 0 | 0.69 | 0 | 0.69 |
| 3 | Thirunelly | -10.72 | 0 | 1085.14 | 0.18 | 0 | 1074.61 | 872.99 | 42.66 | 134.6 | 8.89 | 24.58 | 0 | 24.58 | 1083.73 | -9.12 | 0 | 0 | 2.7 | 0.02 | 2.72 |
| 4 | Thondernad | -15.23 | 0 | 1125.23 | 0.09 | 0 | 1110.09 | 700.55 | 21.92 | 338.85 | 46.92 | 14.96 | 0.76 | 15.72 | 1123.96 | -13.87 | 0 | 0 | 10.71 | 0.01 | 10.72 |
| 5 | Vellamunda | -21.89 | 0 | 892.04 | 0.08 | 0 | 870.22 | 735.55 | 30.86 | 91.75 | 8.31 | 24.59 | 0.03 | 24.62 | 891.09 | -20.86 | 0 | 0.02 | 0.18 | 0 | 0.2 |
| | Total | -82.22 | 0 | 5581.1 | 0.76 | 0 | 5499.63 | 4120.53 | 225.73 | 1011.75 | 108.06 | 111.03 | 1.4 | 112.43 | 5578.5 | -78.87 | 0 | 0.02 | 23.83 | 1.48 | 25.33 |
| Block level Line Deptt. | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| PO | | -17.72 | | 46.08 | 0.12 | 0 | 28.48 | | | | | 31.07 | 0.00 | 31.07 | 31.07 | -2.59 | | | | | |
| Grand Total | | -99.94 | 0 | 5627.17 | 0.88 | 0 | 5528.11 | 4120.53 | 225.73 | 1011.75 | 108.06 | 142.1 | 1.4 | 143.5 | 5609.57 | -81.46 | 0 | 0.02 | 23.83 | 1.48 | 25.33 |

| | |
|---|---|
| വേതനം | 7,00,58,951 |
| വേതനം- സ്കിൽഡ്/സെമി സ്കിൽഡ് | 21,92,131 |
| മെറ്റീരിയൽ | 3,38,85,104 |
| നികുതി | 46,91,758 |

വർക്ക് ഷെഡ്, റോഡ് കോൺക്രീറ്റ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട്, കിണർ, കോഴിക്കൂട്, സോക്ക് പിറ്റ്, അസ്സോള ടാങ്ക് നിർമ്മാണം എന്നിവയാണ് മെറ്റീരിയൽ ഉപയോഗിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ. മെറ്റീരിയൽ ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>ആക്ഷൻ പ്ലാൻ</u>

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം ആവശ്യമാണ്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

<u>ലേബർ ബജറ്റ്</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

<u>ഭരണാനുമതി</u> -

ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ റോഡ് പ്രവൃത്തികൾ ഒഴികെയുള്ളവയ്ക്ക് ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.


<u>സാങ്കേതികാനുമതി</u> -

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് തല ടി.എസ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. 10.05.2018 ലെ ഉത്തരവ് നം. (സാധ).1308/2018 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ കൺവീനറും ത.സ്വ.ഭ.വ എഞ്ചിനീയർ ചെയർമാനുമാണ് ടി.എസ് കമ്മിറ്റി. ഇപ്രകാരം കമ്മിറ്റി നൽകിയ ടി.എസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം രേഖകൾ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ഓഫീസ് രേഖകളും എം.ഐ.എസിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഹാജരാക്കിയ വിവിധ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിലെ രേഖപ്പെടുത്തലുകളും എം.ഐ.എസിലെ രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല.ഉദാ.പാതിരിമന്നം പുതിയടത്തുകൊമ്പിൽ റോഡ്,വർക്ക് കോഡ്- RC/378042.

പ്രവൃത്തികളുടെ പ്രിന്റെടുത്ത് സൂക്ഷിക്കുന്ന ഫയലുകളാണ് ഓഡിറ്റിനായി സമർപ്പിക്കുന്നത്. ഇതിൽ സമർപ്പിക്കുന്ന എല്ലാ രേഖകളും തമ്മിൽ പൊരുത്തപ്പെടുന്ന രീതിയിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ പ്രഥമദൃഷ്ട്യാ അപാകതകൾ ഉണ്ടാവാറില്ല. എന്നാൽ ഇവയുമായി ബന്ധമില്ലാത്ത വിവരങ്ങളാണ് എം.ഐ.എസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പരിമിതമായ മനുഷ്യ ദിനത്തിൽ ഡിജിറ്റൽ രേഖകളും ഫയലിൽ സൂക്ഷിക്കുന്ന രേഖകളും ഒത്തുനോക്കുന്നതിന് സാധിക്കുന്നില്ല.


14/24, 12:53 PM Untitled Page

The Mahatma Gandhi National Rural Employment Guarantee Act

Govt. of India
Ministry of Rural Development
Department of Rural Development
14-Aug-2024
Signout Home

**Material List**

**Material List No. (1603002-ML-1855)**

State :KERALA District :WAYANAD Block :MANANTHAVADY Panchayat :Thondernad Financial Year :2024-2025

Bank Name : AXIS BANK(00032)
Branch Name : MUVATTUPUZHA(UTIB0002992)

| S.no | Vendor/IA/Applicant Name | Account No. | Work Name | Work Code | Bill No | Bill Date | Bill Amount | Transaction Type* |
|---|---|---|---|---|---|---|---|---|
| | JINIT JAMES | 919010016402504 | Pathirimannam Puthiyedath road concrete ward 15 | 1603002005/RC/378042 | 15 | 14/08/2024 | 105207.57 | V |
| | JINIT JAMES | 919010016402504 | Pathirimannam Puthiyedath road concrete ward 15 | 1603002005/RC/378042 | 16 | 14/08/2024 | 178009.64 | V |
| | JINIT JAMES | 919010016402504 | Pathirimannam Puthiyedath road concrete ward 15 | 1603002005/RC/378042 | 17 | 14/08/2024 | 82672.77 | V |
